# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1804 — 17/03/2015 ൽ മറുപടിക്ക്

### പി.എസ്.സി നിയമനം

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) 31.03.2015ൽ കാലാവധി അവസാനിക്കുന്ന ഏതെല്ലാം തസ്തികകളുടെ പി.എസ്.സി റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; | (എ) യും (ബി) യും (സി)യും വിവരം ശേഖരിച്ചു വരുന്നു |
| (ബി) അവയിൽ ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര വീതം നിയമനങ്ങൾ നടത്തുകയുണ്ടായി ; | |
| (സി) ഒരാളെ പോലും നിയമനത്തിനായി ശിപാർശ ചെയ്യാതെ റദ്ദായി പോകുന്ന എത്ര റാങ്ക് ലിസ്റ്റുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ; | |
| (ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി യെ അറിയിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് വകുപ്പ്തലവൻമാർക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; നിലവിലുള്ള ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പു മേധാവികൾക്കും, നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) ഓരോ വകുപ്പിൽ നിന്നും പി.എസ്.സി യെ അറിയിച്ച ഒഴിവുകൾ എത്രയെന്ന് 1.2.2015ലെ കണക്ക് പ്രകാരം വ്യക്തമാക്കാമോ; | (ഇ) വിവരം ശേഖരിച്ചു വരുന്നു |
| (എഫ്) ഒഴിവുകൾ യഥാസമയം പി.എസ്.സി യെ അറിയിക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ; | (എഫ്) 2014 ആഗസ്റ്റ് 1 മുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അർത്ഥനാപത്രം നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് സഹിതം ഇ-മെയിൽ വഴി പബ്ലിക് സർവ്വീസ് കമ്മീഷന് അയക്കേണ്ടതാണെന്ന് എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ എല്ലാ നിയമനാധികാരികൾക്കും ഡിജിറ്റൽ ഒപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ തപാൽ വഴി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള സമയപരിധി പി.എസ്.സി. 30.04.2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ജി) ജില്ലാതല നിയമനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി പി.എസ്.സി യുടെ ജില്ലാ ഓഫീസുകളിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ജി) വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ